പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2754 28-10-2026-ൽ മറുപടിയ്ക്ക്

ഒറ്റപ്പാലം മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. പ്രേംകുമാർ

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രദേശങ്ങൾ പഞ്ചായത്ത്/ നഗരസഭ തിരിച്ച് ലഭ്യമാക്കാമോ;

മറുപടി: ഉണ്ട്.

ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ കടമ്പഴിപ്പുറം, പൂക്കോട്ടുകാവ്, അമ്പലപ്പാറ ഗ്രാമപഞ്ചായത്തുകളിൽ പൂർണ്ണമായും, ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ വരോട്, തോട്ടക്കര, വയ്യാട്ടുകുന്ന്, പനമണ്ണ, കണ്ണിയംപുറം, മയിലുംപുറം, വീട്ടാംപാറ, കുമ്മംപാറ, കോലോത്ത് പറമ്പ് എന്നീ പ്രദേശങ്ങളിലും, കരിമ്പുഴ ഗ്രാമപഞ്ചായത്തിൽ ചെമ്പോട്ടിമല എന്ന പ്രദേശത്തും കുടിവെള്ള ക്ഷാമം നേരിടുന്നുണ്ട്.

(ബി) നിലവിലുള്ള കുടിവെള്ള പദ്ധതികൾ പ്രകാരം പ്രസ്തുത പ്രദേശങ്ങളിൽ കുടിവെള്ളം എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

മറുപടി: നിലവിലുള്ള കുടിവെള്ള പദ്ധതികളും അവയുടെ ഗുണഭോക്താക്കളായ പഞ്ചായത്ത്/മുനിസിപ്പാലിറ്റിയുടെ വിവരങ്ങളും താഴെ ചേർക്കുന്നു:

1. **UWSS to Ottappalam Municipality:** ഒറ്റപ്പാലം മുനിസിപ്പാലിറ്റി

2. **RWSS to Ambalappara:** അമ്പലപ്പാറ പഞ്ചായത്ത്

3. **CWSS to Sreekrishnapuram, Kadambazhippuram, Pookotukavu & Vellinezhi:** ശ്രീകൃഷ്ണപുരം, കടമ്പഴിപ്പുറം, പൂക്കോട്ടുകാവ്, വെള്ളിനേഴി & അനുബന്ധ പഞ്ചായത്തുകൾ

4. **RWSS to Karimbuzha:** കരിമ്പുഴ

ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽ നിലവിൽ 3 ടാങ്കുകളിൽ നിന്നും കുടിവെള്ള വിതരണം നടത്തുന്നുണ്ട്. കയറംപാറ, മീറ്റ്ന എന്നീ ടാങ്കുകളിൽ നിന്നും ഈസ്റ്റ് ഒറ്റപ്പാലം, പാലപ്പുറം, മീറ്റ്ന എന്നീ പ്രദേശങ്ങളിലേയ്ക്ക് ഒന്നിടവിട്ട ദിവസങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നുണ്ട്. കൂടാതെ ചേരിക്കുന്ന് ജലസംഭരണിയിൽ നിന്നും ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ വരോട്, തോട്ടക്കര, വയ്യാട്ടുകുന്ന്, പനമണ്ണ, കണ്ണിയംപുറം, മയിലുംപുറം, വീട്ടാംപാറ, കുമ്മംപാറ, കോലോത്ത് പറമ്പ് എന്നീ പ്രദേശങ്ങളിലേയ്ക്ക് 3-4 ദിവസത്തിലൊരിക്കൽ കുടിവെള്ള വിതരണം നടത്തുന്നുണ്ട്. ചേരിക്കുന്ന് ജലസംഭരണിയിൽ നിന്നും ജലവിതരണം നടത്തുന്ന പ്രദേശങ്ങളിൽ രണ്ട് ദിവസത്തിലൊരിക്കൽ ജലവിതരണം നടത്തുന്നതിനു ഈ പദ്ധതിയിലെ റോവാട്ടർ പമ്പ് സെറ്റുകളും, ക്ലിയർവാട്ടർ പമ്പ് സെറ്റുകളും മാറ്റിസ്ഥാപിക്കേണ്ടതുണ്ട്. ഇതിനായുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ അമൃത് പദ്ധതിയുടെ ബാലൻസ് ഫണ്ട് ഉപയോഗിച്ച് ജലശുദ്ധീകരണശാലയിലെ ക്ലിയർവാട്ടർ പമ്പ് സെറ്റും, ട്രാൻസ്ഫോർമറും മാറ്റിസ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

അമ്പലപ്പാറ പഞ്ചായത്തിൽ നിലവിൽ 4 ദിവസത്തിലൊരിക്കലാണ് കുടിവെള്ള വിതരണം നടത്തുന്നത്. അമ്പലപ്പാറ പഞ്ചായത്തിലേയ്ക്കായി ഒറ്റപ്പാലം കയറംപാറയിൽ 6.5 എംഎൽഡി ജലശുദ്ധീകരണശാല നിലവിലുണ്ട്. അമ്പലപ്പാറ ഗ്രാമ പഞ്ചായത്തിൽ പനയൂർക്കാവ് (12 ലക്ഷം ലിറ്റർ സംഭരണ ശേഷി), പച്ചിലക്കുണ്ട് (6 ലക്ഷം ലിറ്റർ സംഭരണ ശേഷി) എന്നീ ജലസംഭരണികളിൽ നിന്നാണ് കുടിവെള്ള വിതരണം നടത്തുന്നത്. ഒന്നിടവിട്ട ദിവസങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് ജലശുദ്ധീകരണശാലയിൽ നിന്ന് ടാങ്കുകളിലേയ്ക്ക് ശുദ്ധജലം പമ്പ് ചെയ്യുന്ന പമ്പ് സെറ്റുകൾ മാറ്റിസ്ഥാപിക്കേണ്ടതുണ്ട്. ഇതിനായി സ്റ്റേറ്റ് പ്ലാൻ ശീർഷകത്തിൽ 1.451 കോടി രൂപയുടെ ഭരണാനുമതി നിലവിൽ കിട്ടിയിട്ടുണ്ട്. ആയതിന് സാങ്കേതികാനുമതി ലഭ്യമാക്കി ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കടമ്പഴിപ്പുറം, പൂക്കോട്ടുകാവ് എന്നീ പഞ്ചായത്തുകളിലേയ്ക്ക് ശ്രീകൃഷ്ണപുരം ജലശുദ്ധീകരണ ശാലയിൽ നിന്നുമാണ് കുടിവെള്ള വിതരണം നടത്തുന്നത്. നിലവിൽ 7 ദിവസത്തിൽ ഒരിക്കലാണ് കുടിവെള്ള വിതരണം സാധ്യമാകുന്നത്. ജലശുദ്ധീകരണശാലയുടെ ശേഷി ഉയർത്തുന്നതിനായി പുതിയ റോവാട്ടർ പമ്പ് സെറ്റുകളും, ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുന്ന പ്രവൃത്തി ജല ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി പുരോഗമിക്കുന്നു. ഇതിനായുള്ള VCB, Transformer, Pump set എന്നിവ നിലവിൽ ലഭ്യമായിട്ടുണ്ട്, ഇവ സ്ഥാപിക്കുന്ന പ്രവൃത്തി

പുരോഗമിച്ചുവരുന്നു. ആയത് പൂർത്തീകരിച്ചതിനു ശേഷം മെച്ചപ്പെട്ട രീതിയിൽ കുടിവെള്ള വിതരണം നടത്താവുന്നതാണ്.

കരിമ്പുഴ ഗ്രാമപഞ്ചായത്തിൽ നിലവിൽ ചെമ്പോട്ടു മല എന്ന പ്രദേശത്താണ് കുടിവെള്ള ക്ഷാമം ഉള്ളത്. ജല ജീവൻ മിഷൻ പദ്ധതിയിൽ ഈ പ്രദേശത്തേയ്ക്ക് കുടിവെള്ളം എത്തിക്കുന്നതിനായി പുതിയ ജലസംഭരണി നിർമ്മിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷനിങ് നടപടികൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത ജലസംഭരണി പ്രവർത്തനസജ്ജമാകുന്നതോടു കൂടി മെച്ചപ്പെട്ട രീതിയിൽ കുടിവെള്ള വിതരണം നടത്താനാവുന്നതാണ്.

സെക്ഷൻ ഓഫീസർ